പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4813 21-10-2011-ൽ മറുപടിക്ക്

# കെട്ടിട നികുതി പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കെട്ടിട നികുതി പരിഷ്കരണം മേഖല തിരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ മേഖലകളായി തരം തിരിച്ച് സംസ്ഥാനത്ത് വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കി യിട്ടുണ്ട്. |
| (ബി) എന്ത് മാനദണ്ഡത്തിലാണ് മേഖലാ വിഭജനം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാർ/അർദ്ധസർക്കാർ ആഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ്സ്റ്റാന്റ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന താരതമ്യേന വികസിതമായ പ്രദേശങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>പ്രഥമ മേഖലകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസന സാദ്ധ്യതയുള്ള പ്രദേശങ്ങൾ ദ്വിതീയ മേഖലയിലും പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്തതും താരതമ്യേന വികസനവും അടിസ്ഥാന സൗകര്യങ്ങളും ജനസാന്ദ്രതയും കുറഞ്ഞതുമായ പ്രദേശങ്ങളെ ത്രിതീയ മേഖലയിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയിരിക്കുന്നത്. |

(സി) ഇളവും വർദ്ധനയും നടപ്പിലാക്കുവാൻ ഏത് മാനദണ്ഡമാണ് പരിഗണിക്കുന്നതെന്ന് സദയം വ്യക്തമാക്കുമോ?

(സി) കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി, ചുമരിന്റെ നിർമ്മിതി, എയർ കണ്ടീഷനിംഗ് സൗകര്യം, കെട്ടിട ത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്, അടിസ്ഥാന വസ്തു നികുതിയുടെ എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് നിർണ്ണയിക്കുന്നത്.

സെക്ഷൻ ആഫീസർ